# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 809 12.06.2013 - ൽ മറുപടിക്ക്

## കുടിവെള്ളചൂഷണം തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. പി. റ്റി. എ. റഹീം<br>ശ്രീ. എം. ഹംസ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളക്ഷാമം മൂലം ജനങ്ങൾ ക്കുണ്ടായ ദുരിത ങ്ങൾ വിലയിരു ത്തപ്പെട്ടിട്ടുണ്ടോ ; | (എ) വിലയിരുത്തപ്പെട്ടിട്ടുണ്ട്. |
| (ബി) ഭൂഗർഭ ജലവിതാനത്തിന്റെ അളവ് വളരെ കുറഞ്ഞു വരുന്ന സ്ഥലങ്ങളിൽ, പ്രത്യേകിച്ച് പാലക്കാട് ജില്ല യിലെ ചിറ്റൂർ പോലുള്ള താലൂക്കുകളിൽ മദ്യ-കുപ്പി വെള്ള കമ്പനികൾ അമിത മായി ജല മൂറ്റുന്നതു തട യാൻ സർക്കാർ നടപടിയെ ടുത്തിരുന്നോ; ഇല്ലെങ്കിൽ എന്തു കൊണ്ട് ; | (ബി) കേന്ദ്ര ഭൂജല ബോർഡും സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായി നടത്തിയ പഠനത്തിൽ (ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട് 2009) പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണം (ഓവർ എക്സ്പ്ലോയിറ്റഡ്) നടക്കുന്ന ബ്ലോക്കായി കണ്ടെത്തി. കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആന്റ് റഗുലേഷൻ) ആക്റ്റ് 2002 പ്രകാരം അമിത ചൂഷണ ബ്ലോക്കിൽ എടുക്കേണ്ട നിയന്ത്രണങ്ങൾ ഭൂജല ഉപഭോഗത്തെ സംബന്ധിച്ച് ഏർപ്പെടുത്തിയി ട്ടുണ്ട്. അതിൻപ്രകാരം നൽകുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഭൂഗർഭജലം ഉപയോഗിക്കാവൂ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) കഴിഞ്ഞ രണ്ടുവർഷത്തിനിട യിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ ഭൂഗർഭ ജല വിതാനം ക്രമാതീതമായി താഴുന്നത് സർക്കാർ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെ ങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടോ ? | (സി) കേരള ഭൂജല വകുപ്പ് സ്ഥാപിച്ചിട്ടുള്ള ഒബ്സർവേഷൻ കിണറുകളിലെ ജലവിതാന ത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഭൂജല നിരപ്പ് താഴ്ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂഗർഭജല ഉപഭോഗത്തിൽ നിയന്ത്രണം ഏർപ്പെ ടുത്തുന്നതിനൊപ്പം അത്തരം പ്രദേശങ്ങളിൽ ഭൂജല പരിപോഷണം നടത്തുന്നതിനുള്ള വിവിധങ്ങളായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലവിതാനത്തിലുണ്ടാവുന്ന കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ